പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3323 25-06-2012 -ൽ മറുപടിക്ക്.

കള്ളുചെത്ത് വ്യവസായം നേരിടുന്ന തകർച്ച

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകിക്കൊണ്ട് തീരുമാനമെടുത്തിട്ടുണ്ടോ; പ്രസ്തുത തീരുമാനം എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ; | (എ) | മദ്യഷാപ്പുകൾ തുടങ്ങുന്നതിന് NOC നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന്, കേരള പഞ്ചായത്തീരാജ് ആക്ടിലെ 232 (2), (3), (4), മുനിസിപ്പാലിറ്റീസ് ആക്ടിലെ 447(6), (7), (8) എന്നീ വകുപ്പുകൾ പുന:സ്ഥാപിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. |
| (ബി) | ലൈസൻസ് നൽകാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുന്നത് കള്ളുചെത്ത് വ്യവസായത്തിന്റെ തകർച്ചയ്ക്കും നാശത്തിനും കാരണമാകുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്ന കള്ളുചെത്ത് വ്യവസായം തകർച്ചയെ നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഉദയഭാനു കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കി ഈ മേഖലയെ പരിരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലുള്ള ശുപാർശകൾ പലതും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ